**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1809** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപകരുടെ വർക്ക് ലോഡ് ഉത്തരവും തസ്തികനഷ്ടവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് അധ്യാപകരുടെ വർക്ക് ലോഡ് സംബന്ധിച്ച ഉത്തരവിനെത്തുടർന്ന് അധ്യാപകരുടെയും ഉദ്യോഗാർത്ഥികളുടെയും അഭിപ്രായങ്ങൾ പഠിക്കാൻ നിയോഗിച്ച സമിതി ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ബി) | 01.04.2020 തിയതിയിലെ ജി.ഒ.(എം.എസ്.) നം.155/2020/എച്ച്.ഇ.ഡി.എൻ. നമ്പർ ഉത്തരവിനെത്തുടർന്ന് സർക്കാർ കോളേജുകളിൽ തസ്തികനഷ്ടം സംഭവിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ തസ്തികനഷ്ടം സംഭവിച്ച വകുപ്പുകളുടെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | 01.04.2020 തീയതിയിലെ ജി.ഒ.(എം.എസ്.)നം.155/2020/ഉവിവ, 25.05.2020 ലെ സ.ഉ.(കൈ)നം.193/2020/ഉവിവ, 11.09.2020 ലെ സ.ഉ.(കൈ)നം.313/2020/ഉവിവ എന്നീ ഉത്തരവുകൾ പ്രകാരം, പി.ജി.കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് ഒഴിവാക്കി ഉത്തരവായിരുന്നു. അതിൻ പ്രകാരം വകുപ്പിലെ ഫിസിക്സ്, ഇംഗ്ലീഷ്, കണക്ക്, മലയാളം, സ്റ്റാറ്റിസ്റ്റിക്സ്, തമിഴ്, അറബിക്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, ഹിന്ദി, കെമിസ്ട്രി, ബോട്ടണി, സുവോളജി, സൈക്കോളജി, മ്യൂസിക്, ജിയോളജി, മൈക്രോബയോളജി, ജ്യോഗ്രഫി, കന്നഡ, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ബയോടെക്നോളജി, കൊമേഴ്സ്, എക്കണോമിക്സ്, സംസ്കൃത-ജനറൽ, സംസ്കൃത-ന്യായ, സംസ്കൃത-സാഹിത്യ, സംസ്കൃത-വ്യാകരണ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, മാസ്സ് കമ്മ്യൂണിക്കേഷൻ, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ 16 മണിക്കൂർ വർക്ക് ലോഡ് ഇല്ലാത്ത തസ്തികകൾ ഉള്ളതായി വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 16 മണിക്കൂർ ജോലിഭാരമില്ലാത്ത ടി അദ്ധ്യാപക തസ്തികകൾ സർക്കാർ റദ്ദ് ചെയ്യുകയോ വകുപ്പിൽ തസ്തിക നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പുതിയ നിയമനങ്ങൾ നടത്തുന്നതിന് 16 മണിക്കൂർ ജോലിഭാരം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ